**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീ അനിരുദ്ധൻ. ആർ നെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 130/ 2018/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 18/ 09/ 2018**

---

പരാമർശം : 1. 25.11.2005 ലെ സ.ഉ(പി)നം. 501/ 2005/ധന ഉത്തരവ്.
2. ശ്രീ. അനിരുദ്ധൻ.ആർ ന്റെ 10.5.2017 ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 28.02.2018, 18.05.2018 തീയതികളിലെ ഇ 9-30496/ 11 നമ്പർ കത്തുകൾ

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 17 വർഷമായി ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ അനിരുദ്ധൻ.ആർ ടിയാളുടെ നിയമനം ക്രമവൽക്കരിക്കുന്നതിനായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. ടിയാന്റെ നിയമന ക്രമവൽക്കരണത്തിനായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം 11-12-2012 തീയതിയിൽ ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നതായും 50 വയസ്സായ ടിയാളുടെ കുടുംബ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിൻ പ്രകാരം ടിയാളെ സ്ഥിരപ്പെടുത്തണമെന്ന് നിവേദനത്തിൽ അഭ്യർത്ഥിച്ചു പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 16.04.2005 മുതൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലിചെയ്യുന്ന ശ്രീ. ആർ.അനിരുദ്ധനെ പരാമർശം (1) ഉത്തരവിൻ പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് നൽകിയ അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിന് അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതായും 1964 മുതൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിലാണ് പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്നും പ്രസ്തുത കെട്ടിടത്തിന്റെ സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിന് താഴെ ആയിരുന്നതിനാൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിരുന്നില്ലെന്നും 23.01.2003 തീയതി മുതൽ പഞ്ചായത്തിന്റെ പ്രവർത്തനം പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റുകയും പ്രസ്തുത കെട്ടിടത്തിന് പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 100 ച.മീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏരിയ ഉള്ളതിനാൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും 16.04.2005 മുതൽ പന്തളം തെക്കേക്കര ഗ്രമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ ആർ.അനിരുദ്ധനെ സ്ഥിരപ്പെടുത്തുന്നതിനുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ പന്തളം

തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ആർ.അനിരുദ്ധനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുന്നതിനാവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തുകൊണ്ട് ശ്രീ.അനിരുദ്ധനെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസിൽ 253.01 ച.മീറ്റർ സ്വീപ്പിംഗ് ഏര്യ ഉണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പരാമർശം (1) ലെ ഉത്തരവിൻ പ്രകാരം ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാവുന്നതും ടി ഓഫീസിൽ 17 വർഷമായി ദിവസ വേതന അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീ. അനിരുദ്ധൻ. ആർ നെ ടി തസ്തികയിൽ സ്ഥിരപ്പെടുത്താവുന്നതുമാണ്.

മേൽ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ദിവസ വേതന അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീ. അനിരുദ്ധൻ. ആർ നെ ടി തസ്തികയിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.
സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട ജില്ല
ശ്രീ. അനിരുദ്ധൻ. ആർ, പാർട്ട് ടൈം സ്വീപ്പർ, പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട ജില്ല (സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/202/2018/Fin. തീയതി 06.08.2018 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EP A2/92/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ